ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**

**തിരുവനന്തപുരം**

നമ്പർ. EB5/5470/2025/DTE തീയതി: 10-07-2025

**<u>പരിപത്രം</u>**

വിഷയം:- വിദ്യാഭ്യാസം - സാങ്കേതികം -ഡയറക്ടറുടെ കാര്യാലയം , തിരുവനന്തപുരം - ഈ വകുപ്പിലെ യോഗ്യരായിട്ടുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കു ലഭിക്കേണ്ടുന്ന ട്രേഡ്സ്മാൻ തസ്തികയിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനം - ഓപ്ഷൻ ലഭ്യമാക്കുവാൻ നിർദേശം നല്കുന്നത് സംബന്ധിച്ച്-

സൂചന :- 1) ഈ കാര്യാലയത്തിൽ നിന്നുള്ള 28.06.2024 തീയതിയിലെ 1/104560/2024 നം. പരിപത്രം .

2) 08.07.2025 തീയതിയിലെ ഈ കാര്യാലയത്തിൽ നിന്നുള്ള DTETVM/5574/2025-EG4 നമ്പർ താല്കാലിക സീനിയോറിറ്റി ലിസ്റ്റ്.

മേൽ സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ വകുപ്പിലെ യോഗ്യരായിട്ടുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് ലഭിക്കേണ്ടുന്ന ട്രേഡ്സ്മാൻ തസ്തികയിലേക്കുള്ള ബൈട്രാൻസ്ഫർ നിയമനം നടത്തുന്നതിനായി 08.07.2025 ൽ പുറപ്പെടുവിച്ച സർക്കുലർ പ്രകാരം യോഗ്യത നേടിയ ജീവനക്കാരുടെ താല്കാലിക സീനിയോറിറ്റി ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും അതിന്മേൽ പരാതികളോ ആക്ഷേപങ്ങളോ ഉണ്ടെങ്കിൽ അവ സമയബന്ധിതമായി സമർപ്പിക്കുവാൻ നിർദേശം നല്കുകയും ചെയ്തിരുന്നു. പ്രസ്തുത ലിസ്റ്റ് പ്രകാരം ട്രേഡ്സ്മാൻ തസ്തികയിലെ വിവിധ ട്രേഡുകളിലേക്ക് നിയമനം ലഭിക്കുവാൻ അർഹത നേടാൻ സാധ്യതയുള്ള ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു.

| ക്രമ നം. | തസ്തിക/ട്രേഡ് | ബൈ ട്രാൻസ്ഫർ ഒഴിവുകളുടെ എണ്ണം |
|---|---|---|
| 1 | ട്രേഡ്സ്മാൻ (ഓട്ടോമൊബൈൽ /ഡീസൽ മെക്കാനിക്ക് /ഹീറ്റ് എഞ്ചിൻ /ടൂ & ത്രീ വീലർ മെയിൻറനൻസ് ) | 4 |
| 2 | ട്രേഡ്സ്മാൻ (ഇലക്ട്രോണിക്സ്) | 4 |
| 3 | ട്രേഡ്സ്മാൻ (ഇൻസ്ട്രുമെൻറേഷൻ എഞ്ചിനിയറിംഗ് ) | 1 |

| | | |
|---|---|---|
| 4 | ട്രേഡ്സ്മാൻ (പ്ലംബിംഗ് / ഹൈഡ്രോളികസ്) | 5 |
| 5 | ട്രേഡ്സ്മാൻ (ഇലക്ട്രിക്കൽ / വയർമാൻ) | 3 |
| 6 | (സിവിൽ / മേസനറി / സോയിൽ മെയ്ക്കാനിയ്ക്ക്) | 1 |
| 7 | ട്രേഡ്സ്മാൻ (കമ്പ്യൂട്ടർ എഞ്ചിനിയറിംഗ് ) | 4 |
| 8 | ട്രേഡ്സ്മാൻ (സർവ്വെ) | 2 |
| 9 | ട്രേഡ്സ്മാൻ (ടൂൾ & ഡൈെ ) | 1 |
| 10 | ട്രേഡ്സ്മാൻ (ഫിറ്റിംഗ്) | 6 |
| 11 | ട്രേഡ്സ്മാൻ (കാർപെൻഡറി) | 5 |
| 12 | ട്രേഡ്സ്മാൻ (വെൽഡിംഗ്) | 4 |
| 13 | ട്രേഡ്സ്മാൻ (ടർണിംഗ്) | 6 |
| 14 | ട്രേഡ്സ്മാൻ (മെഷിനിസ്റ്റ്) | 2 |

മേൽ പരമാർശിച്ചിട്ടുള്ള സീനിയോറിറ്റി ലിസ്റ്റിൽ ഒന്നിലധികം ട്രേഡുകളിൽ ഉൾപ്പെട്ടിട്ടുള്ള ജീവനക്കാർ താല്പര്യമുള്ള ട്രേഡുകളിൽ നിയമനം ലഭിക്കുന്നതിനായി 11.07.2025 തീയതിയിൽ വൈകുന്നേരം 04 മണിക്ക് മുൻപായി സ്ഥാപനമേധാവി മുഖാന്തിരം ഓപ്ഷൻ നൽകാവുന്നതും ആയത് പരിശോധിച്ച് ഉൾപ്പെടുത്തുവാൻ കഴിയുന്നത് പരിഗണിക്കുന്നതുമാണ്. ജീവനക്കാർ സമർപ്പിക്കുന്ന ഓപ്ഷൻ സംബന്ധിച്ച് വിവരങ്ങളും ജീവനക്കാരുടെ നിലവിലെ സ്ഥാപനം സംബന്ധിച്ച് മാറ്റമുണ്ടെങ്കിൽ ആയതും കൂടി ഉൾപ്പെടുത്തി സ്ഥാപനമേധാവി establishmentbdte@gmail.com എന്ന e-mail വിലാസത്തിൽ , മേൽ പരാമർശിച്ചിട്ടുള്ള കാലയളവിനുള്ളിൽ ഈ കാര്യാലയത്തെ അറിയിക്കേണ്ടതാണ്.

Signed by
Deepa V
Date: 10-07-2025 16:03:55

Deepa V
SENIOR ADMINISTRATIVE OFFICER

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനമേധാവികൾക്കും ബന്ധപ്പെട്ട ജീവനക്കാർക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം).
3. കരുതൽ ഫയൽ / ഓഫീസ് പകർപ്പ്.